**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2097 | 07.03.2017 ൽ മറുപടിക്ക്

## കുടുംബ ആരോഗ്യകേന്ദ്രം

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ കുടുംബ ആരോഗ്യകേന്ദ്രമായി ഉയർത്തിയ ആശുപത്രികളിൽ പുതിയതായി എന്തൊക്കെ പ്രവർത്തനങ്ങളും സൗകര്യങ്ങളുമാണ് വരുന്നതെന്ന് അറിയിക്കാമോ; | (എ) | കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യപരിചരണത്തിന്റെ പ്രധാന ഘടകമായ പി.എച്ച്.സികളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ വിപുലപ്പെടുത്തും. മാതൃശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പടെ ജീവിതശൈലീരോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബഡോക്ടർ തലത്തിലേക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടത്തുന്നതുമാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും. |
| (ബി) | സംസ്ഥാനത്ത് ആകെ എത്ര ആശുപത്രികളെയാണ് കുടുംബ ആരോഗ്യകേന്ദ്രമായി മാറ്റുന്നത്; | (ബി) | സംസ്ഥാനത്തെ വിവിധ റവന്യൂ ബ്ലോക്കുകളിൽ/അസംബ്ലി മണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് പ്രഥമഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത്. |

| | | | |
|---|---|---|---|
| (സി) | കുടുംബ ആരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ വിവിധ വികസന ബ്ലോക്കുകളിൽ/അസംബ്ലി മണ്ഡലങ്ങളിൽ ഒന്ന വീതം പി.എച്ച്.സികളെയാണ് ആദ്യ ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനായി തിരഞ്ഞെടുത്തിരിക്കുന്നത്. |
| (ഡി) | ഇത്തരം ആരോഗ്യകേന്ദ്രത്തിൽ ഏതൊക്കെ അധിക തസ്തികകളാണ് ഉണ്ടാകുന്നത്; വിശദമാക്കുമോ? | (ഡി) | കുടുംബാരോഗ്യ കേന്ദ്രങ്ങളാകുന്ന പി.എച്ച്.സികളിൽ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്/ഹെഡ്നഴ്സ് ലാബ് ടെക്നീഷ്യൻ തുടങ്ങിയ അധിക തസ്തികകളാണ് സൃഷ്ടിക്കുന്നത്. |

സെക്ഷൻ ഓഫീസർ